# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: *86 — 30.01.2019-ൽ മറുപടിക്ക്

## പട്ടിക ഗോത്രവർഗ്ഗക്കാരുടെ ഭൂപ്രശ്നം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ആന്റണി ജോൺ<br>,, സി.കൃഷ്ണൻ<br>,, സി. കെ. ശശീന്ദ്രൻ<br>,, കെ. ബാബു : | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | ഒരു വർഷത്തിനകം പട്ടിക ഗോത്ര വർഗ്ഗക്കാരുടെ ഭൂപ്രശ്നം പരിഹരിക്കുക യെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചി ട്ടുള്ള പദ്ധതിയുടെ വിശദാംശം അറിയിക്കാമോ; | എ) | പട്ടിക ഗോത്ര വിഭാഗക്കാരുടെ ഭൂ പ്രശ്നം പരിഹരിക്കുന്നതിനായി ഭൂരഹിതരായ പട്ടിക വർഗ്ഗക്കാർക്ക് ഭൂമി വിലയ്ക്ക് വാങ്ങി സൗജന്യമായി നൽകുന്ന പദ്ധതി (ലാന്റ് ബാങ്ക് പദ്ധതി) നടപ്പിലാക്കുന്നതിനായി സ.ഉ (കൈ) നം. 21/18/പജ.പവ.വിവ. തീയതി. 03.03.2018 പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമി പരിശോധനയ്ക്ക് ശേഷം വിലനിർണ്ണയം നടത്തി വാങ്ങി വിതരണം ചെയ്യുന്നതാണ് പദ്ധതി. ലാന്റ് ബാങ്ക് പദ്ധതി നടപ്പിലാക്കുന്നതിനായി ഭൂമി വിൽപ്പനയ്ക്ക് തയ്യാറുള്ളവരെ കണ്ടെത്തുന്നതിന് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് പത്രമാദ്ധ്യമങ്ങളിലൂടേയും വെബ്സൈറ്റിലൂടേയും റവന്യൂ പട്ടികവർഗ്ഗ വികസനം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ഓഫീസ് മുഖേനയും പ്രൊമോട്ടർമാർ മുഖേനയും മറ്റും വ്യാപക പ്രചാരണം നൽകി ഭൂഉടമകളിൽ നിന്നും ഓഫറുകൾ സ്വീകരിച്ചു. അപ്രകാരം കണ്ണൂർ, പാലക്കാട് ജില്ലയിലെ അട്ടപ്പാടി എന്നിവിടങ്ങളിൽ ഒഴികെ മറ്റെല്ലാ ജില്ലകളിലും നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. അപ്രകാരം സംസ്ഥാനമൊട്ടാകെ 678 ഭൂഉടമകളിൽ നിന്നും 1674.77 ഏക്കർ ഭൂമി വിൽപ്പനയ്ക്ക് തയ്യാറാണെന്ന ഓഫർ ലഭിച്ചിട്ടുണ്ട്. ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ, വില്ലേജ് ഓഫീസർ, പഞ്ചായത്ത് സെക്രട്ടറി, റേഞ്ച് ഓഫീസർ (വനവുമായി അതിർത്തി പങ്കിടുന്ന ഭൂമിയിൽ) എന്നിവരടങ്ങിയ ഒരു കമ്മിറ്റി, ഭൂമി പരിശോധിച്ച് പ്രസ്തുത സ്ഥലം പുനരധിവാസത്തിന് വാങ്ങുവാൻ അനുയോജ്യമാണോ എന്നത് സംബന്ധിച്ച റിപ്പോർട്ട് ജില്ലാ ടി.ആർ.ഡി.എം കോർഡിനേറ്റർ ജില്ലാ കളക്ടർക്ക് നൽകേണ്ടതുണ്ട്.<br><br>ഭൂമി നൽകുന്നതിന് തയ്യാറായ 678 അപേക്ഷകരുടെ ഭൂമിയിൽ 324 അപേക്ഷകരുടെ 712.29 ഏക്കർ ഭൂമി ആദ്യഘട്ട ഫീൽഡ് പരിശോധന പൂർത്തീകരിച്ചു. |

| | | | |
|---|---|---|---|
| | | | അതിൽ 161 അപേക്ഷകരുടെ 428.21 ഏക്കർ ഭൂമി അനുയോജ്യമെന്നും 202 അപേക്ഷകരുടെ 249.91 ഏക്കർ ഭൂമി അനുയോജ്യമല്ലായെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>ജില്ലാമിഷന് സമർപ്പിച്ച 161 അപേക്ഷകരുടെ ഭൂമി ജില്ലാതല സൂക്ഷ്മ പരിശോധന കമ്മിറ്റി പരിശോധിച്ച് ഭൂമിയുടെ അനുയോജ്യത ഉറപ്പ് വരുത്തി വില നിശ്ചയിച്ച് വാങ്ങി വിതരണം ചെയ്യുന്ന നടപടി പുരോഗമിക്കുകയാണ്. കൂടാതെ വയനാട് ജില്ലയിൽ സ്ഥിരമായി മഴക്കാലത്ത് വെള്ളപ്പൊക്ക ഭീഷണി നേരിടുന്ന 144 കുടുംബങ്ങളെ 10 സെന്റ് വീതം ഭൂമി നൽകി പുനരധിവസിപ്പി ക്കുന്നതിനായി 24.39 ഏക്കർ ഭൂമി വിലയ്ക്ക് വാങ്ങുന്നതിന് 6 കോടി രൂപ അനുവദിച്ചു. ടി ഭൂമി സർവ്വെ ചെയ്യുന്ന നടപടി നടന്നുവരുന്നു. ടി ഭൂമി വിതരണം ചെയ്യാൻ ലക്ഷ്യമിട്ടുള്ള പ്രവർത്തനം ജില്ലാതലത്തിൽ നടന്നുവരുന്നു. ടി കുടുംബങ്ങൾക്ക് ഇപ്പോൾ കൈവശമുള്ള ഭൂമി കൃഷി ആവശ്യത്തിനായി ഉപയോഗിക്കാവുന്നതാണ്. ജില്ലാ മിഷനിൽ ലഭിക്കുന്ന അപേക്ഷകൾ ഒരു മാസത്തിനകം എല്ലാ നടപടി ക്രമങ്ങളും പൂർത്തീകരിക്കുവാൻ ലക്ഷ്യമിട്ട് പ്രവർത്തനം നടത്തിവരികയാണ്. ഇതിനു പുറമെ സുപ്രീംകോടതി വിധിപ്രകാരം ലഭിച്ച 19002 ഏക്കർ ഭൂമിയിൽ വിതരണം ചെയ്ത 3537.73 ഏക്കർ ഭൂമിക്ക് പുറമെയുള്ള 15464.49 ഏക്കർ ഭൂമിയിൽ വിതരണയോഗ്യമായത് നൽകാൻ നടപടി സ്വീകരിച്ചുവരുന്നു. |
| ബി) | നിലവിൽ ഭൂരഹിതരായ പട്ടിക ഗോത്രവർഗ്ഗ കുടുംബങ്ങളുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; വനാവകാശ നിയമപ്രകാരം ഭൂമി ലഭ്യമാക്കാനും ഭൂമി വില കൊടുത്തുവാങ്ങി നൽകുന്നതിനും നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ ; | ബി) | ഭൂരഹിതരായ പട്ടികവർഗ്ഗ ഗോത്ര കുടുംബങ്ങളുടെ എണ്ണം കണക്കാക്കിയിട്ടുണ്ട്. നിലവിൽ സംസ്ഥാന മൊട്ടാകെ 11,474 പട്ടികവർഗ്ഗ കുടുംബങ്ങൾ ഭൂരഹിതരായിട്ടുണ്ട്.<br><br>സംസ്ഥാനമൊട്ടാകെ 598 വനാവകാശ കമ്മിറ്റികൾ (എഫ്.ആർ.സി.) മുഖേന വ്യക്തിഗത അവകാശം അതായത് ഭൂമിയുള്ള അവകാശം സംബന്ധിച്ച അപേക്ഷകൾ ശേഖരിക്കുന്നതിനും നാളിതുവരെ വനാവകാശരേഖ ലഭിക്കാത്തവർക്ക് നൽകുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. നിലവിൽ 25631 കുടുംബങ്ങൾക്ക് 34566 ഏക്കർ ഭൂമിയ്ക്ക് വനാവകാശ രേഖ നൽകാൻ കഴിഞ്ഞിട്ടുണ്ട്.<br><br>ഭൂരഹിതരായ ആദിവാസി കുടുംബങ്ങൾക്ക് ഭൂമി വാങ്ങി നൽകുന്നതിന് നടപടികൾ സുഗമമാക്കുന്ന തിലേയ്ക്ക് സ.ഉ(കൈ) നം. 21/2018/പജപവവിവ തീയതി 03.03.2018 പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടു വിച്ചിട്ടുണ്ട്. ഇത് പ്രകാരം വിവിധ ജില്ലകളിലായി ലഭിച്ച 161 അപേക്ഷകൾ അതായത് 428.21 ഏക്കർ ഭൂമിയുള്ളവ വില നിർണ്ണയ ഘട്ടത്തിലാണ്. |

| | | | |
|---|---|---|---|
| സി) | പട്ടിക ഗോത്രവർഗ്ഗ പുനരാവാസവും വികസനവും ദൗത്യം (ട്രൈബൽ റീസെറ്റിൽമെന്റ് ആന്റ് ഡെവലപ് മെന്റ് മിഷൻ) ലക്ഷ്യമിടുന്ന പ്രവർത്തന ങ്ങൾ എന്തെല്ലാമെന്നും അവയുടെ പുരോഗതിയും അറിയിക്കാമോ? | സി) | സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭൂരഹിതർക്ക് ഭൂമി നൽകുന്നതിനായി രൂപീകൃതമായ റ്റി.ആർ.ഡി.എം. അഥവാ ആദിവാസി പുനരധിവാസ വികസന മിഷൻ മുൻകൈയെടുത്ത് സംസ്ഥാന മൊട്ടാകെ 7817 കുടുംബങ്ങൾക്കായി 9747.39 ഏക്കർ ഭൂമി വിതരണം ചെയ്യാൻ സാധിച്ചു. ഇതിൽ റവന്യൂ ഭൂമി, പ്രോജക്ട് ഭൂമി, മിച്ചഭൂമി, നിക്ഷിപ്ത വനഭൂമി എന്നിവ ഉൾപ്പെടുന്നു.<br><br>കൂടാതെ ഭൂമി വാങ്ങി നൽകൽ പദ്ധതി പ്രകാരം 825 കുടുംബങ്ങൾക്ക് 386 ഏക്കർ ഭൂമി വാങ്ങി നൽകാൻ സാധിച്ചു.<br><br>വനാവകാശ നിയമം പ്രകാരം 25631 കുടുംബ ങ്ങൾക്ക് 34566 ഏക്കർ ഭൂമിയ്ക്ക് വനാവകാശരേഖ നൽകാൻ കഴിഞ്ഞിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധ മായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം - I

## ഭൂമി വാങ്ങി നൽകുന്ന പദ്ധതി സംബന്ധിച്ച വിശദവിവരം

| ക്രമ നം | ജില്ലയുടെ പേര് | ഗുണഭോക്താക്കളുടെ ആകെ എണ്ണം | വാങ്ങി നൽകിയ ഭൂമിയുടെ ആകെ അളവ് (ഏക്കറിൽ) | ആകെ അനുവദിച്ച തുക | ആകെ ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 0 | 0 | 0 | 0 |
| 2 | കൊല്ലം | 30 | 10.165 | 5,32,38,531 | 19695290 |
| 3 | ആലപ്പുഴ | 20 | 8.0775 | | 2,97,63,622 |
| 4 | പത്തനംതിട്ട | 63 | 21.755 | 6,01,28,562 | 5,00,65,972 |
| 5 | കോട്ടയം | 41 | 10.495 | 4,77,44,938 | 4,08,50,938 |
| 6 | ഇടുക്കി | 16 | 11.98036 | 2,24,40,790 | 2,66,99,705 |
| 7 | എറണാകുളം | 23 | 5.6 | 2,23,55,000 | 1,92,42,804 |
| 8 | തൃശ്ശൂർ | 21 | 5.3 | 1,91,10,000 | 2,15,87,330 |
| 9 | കോഴിക്കോട് | 6 | 1.71 | 70,00,000 | 59,56,700 |
| 10 | പാലക്കാട് | 63 | 18.0063 | 6,18,53,847 | 5,57,38,309 |
| 11 | അട്ടപ്പാടി | 1 | 1 | - | 8,74,700 |
| 12 | മലപ്പുറം | 26 | 7.3525 | 3,04,49,527 | 2,41,01,975 |
| 13 | കണ്ണൂർ | 0 | 0 | - | - |
| 14 | വയനാട് - കൽപ്പറ്റ | 146 | 75.032 | 18,72,59,000 | 20,73,26,312 |
| 15 | ബത്തേരി | 95 | 35.68 | - | 9,28,575 |
| 16 | മാനന്തവാടി | 74 | 32.749 | 5,66,53,948 | 6,73,69,168 |
| 17 | കാസർഗോഡ് | 200 | 141.14 | 18,09,14,023 | 17,88,96,804 |
| | ആകെ | **825** | **386.04266** | **74,91,48,166** | **74,90,98,204** |

ഡെപ്യൂട്ടി ഡയറക്ടർ

അനുബന്ധം - II

## Number of FRA Titles Granted

| District | Number of Titles Granted | Extent of land (In acre) | Families having land up to 10 cents | Families having landabove 10 cent and less than one acre | Families having land above 1 acre |
|---|---|---|---|---|---|
| Thiruvananthapuram | 4633 | 6478.38 | * | * | * |
| Kollam | 1158 | 983.76 | 110 | 810 | 238 |
| Pathanamthitta | 895 | 589.28 | * | * | * |
| Kottayam | 1378 | 1538.64 | Nil | Nil | Nil |
| Idukki | 7878 | 14370.53 | 294 | 2922 | 4662 |
| Ernakulam | 1077 | 2105.28 | 138 | 604 | 581 |
| Thrissur | 810 | 846.47 | * | * | * |
| PO, Attappady | 482 | 1200.93 | Nil | 191 | 291 |
| TDO, Palakkad | 968 | 833.00 | | | |
| Malappuram | 945 | 710.36 | 199 | 562 | 187 |
| Kozhikkode | 11 | 6.87 | Nil | Nil | Nil |
| Wayanad PO | | | * | * | * |
| Sultanbathery TDO | 4365 | 3312.27 | 553 | 1622 | 280 |
| Mananthavady TDO | | | * | * | * |
| Kannur | 1031 | 1590.00 | * | * | * |
| **Total** | **25631** | **34565.76** | **1294** | **6711** | **6239** |

* The details has not been furnished by the field officers

അനുബന്ധം - III

## Land Bank Scheme (Purchase of Land)
### Purchase of land regulated by GO(Ms) No. 21/2018/SCSTDD dt: 03.03.18. Progress of scheme as on 22.01.2019

| Sl. No | District | Number of applications received (Land owners) | | No. of applications verified by Field Level Committee (Panchayath Level) | | No. of applications recommended by Field Level Committee | | No. of applications rejected by Panchayath Level Committee | | No. of applications forwarded to District Mission for further actions | | Remarks | Fund need for this financial year (as demanded by the POs/TDOs) |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | No. of application | Extent of land (Acre) | No. of application | Extent of land (Acre) | No. of application | Extent of land (Acre) | No. of application | Extent of land (Acre) | No. of application | Extent of land (Acre) | | |
| 1 | TVM | 13 | 14.47 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | The GO No.21/2018/SCSTDD with Guidelines issued on 03.03.2018. Progress is very slow. Thiruvananapuram district has 27 landless tribals | - |
| 2 | Kollam | 27 | 33.3 | 7 | 13 | 2 | 3.5 | 5 | 9.5 | 2 | 3.5 | Kollam district has 37 landless tribals | - |
| 3 | Pathnamthitta | 40 | 187.3 | 9 | 22 | 5 | 15 | 15 | 13 | 5 | 15 | Pathnamthitta district has 181 landless tribals | 1,00,00,00 |
| 4 | Alappuzha | 22 | 16.86 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | Alappuzha district has 289 landless tribals | - |
| 5 | Kottayam | 38 | 61.23 | 17 | 30.8 | 12 | 22.6 | 55 | 8.2 | 12 | 22.6 | Kottayam district has 124 landless tribals | - |
| 6 | Idukki — Idukki (PO) | 31 | 48.59 | 31 | 48.59 | 9 | 23 | 22 | 25.59 | 9 | 23 | Idukki district has 117 landless tribals | 2,00,00,00 |
| | Idukki — Adimali (TDO) | 26 | 54.06 | 24 | 14.51 | 12 | 14.51 | 12 | 25.87 | 12 | 14.51 | | - |
| 7 | Ernakulam | 18 | 32.73 | 11 | 15 | 7 | 9 | 1 | 1.2 | 7 | 9 | Ernakulam district has 227 landless tribals | - |
| 8 | Thrissur | 11 | 80.51 | 11 | 80.51 | 7 | 75.61 | 4 | 4.9 | 7 | 75.61 | Thrissur district has 48 landless tribals | - |
| 9 | Palakkad | 63 | 116.41 | 15 | 15.18 | 8 | 7.68 | 7 | 7.5 | 8 | 7.68 | Palakkad district has 679 landless tribals | 1,00,00,00 |
| 10 | Kozhikkode | 14 | 28.2 | 3 | 5.61 | 3 | 5.61 | 0 | 0 | 3 | 5.61 | Kozhikkode district has 117 landless tribals | - |

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 11 | Malappuram | | 27 | 125.87 | 20 | 84.97 | 9 | 40.56 | 7 | 32.28 | 9 | 40.56 | 4 application (12.13 Acre) need further verification Malappuram district has 598 landless tribals | - |
| 12 | Wayanad | Kalpetta | 16 | 45.14 | 16 | 45.14 | 3 | 0 | 0 | 0 | 0 | 0 | Rs. 6 crore has been allotted for 144 rehabilated families. Wayanad district has 8263landless tribals | 6,00,00,000 |
| | | Manathavady | 52 | 131.21 | 51 | 130.83 | 33 | 88.87 | 18 | 37.99 | 33 | 88.87 | | |
| | | Bathery | 49 | 77.89 | 49 | 77.89 | 17 | 34 | 22 | 43.89 | 17 | 34 | | |
| 13 | Kasaragod | | 242 | 621 | 71 | 128.26 | 37 | 88.27 | 34 | 39.99 | 37 | 88.27 | Kasaragod district has 503 landless tribals | 4,92,00,000 |
| 14 | Kannur | | | | | | | | | | | | | 10,00,000 |
| | **Total** | | **689** | **1674.77** | **335** | **712.29** | **164** | **428.21** | **202** | **249.91** | **161** | **428.21** | | **15,02,00,000** |

അനുബന്ധം - IV

# നിക്ഷിപ്ത വനഭൂമി വിതരണം ( 5 ജില്ലകളിൽ മാത്രം)

കേന്ദ്രാനുമതി ലഭിച്ചതും ബഹു. സുപ്രീം കോടതി ഭൂരഹിത പട്ടികവർഗ്ഗക്കാർക്ക് വിതരണത്തിന് അനുമതി നൽകിയതുമായ 7693 ഹെക്ടർ (19002.2 ഏക്കർ) ഭൂമിയിൽ വിതരണം ചെയ്തത് കഴിഞ്ഞ് അവശേഷിക്കുന്ന ഭൂമി വനം വകുപ്പിൽ നിന്നും റവന്യൂ വകുപ്പ് ഏറ്റെടുത്ത് വിതരണം ചെയ്യേണ്ടതുണ്ട്. പാലക്കാട് ജില്ലയിൽ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. മലപ്പുറം, വയനാട്, കണ്ണൂർ ജില്ലകളിൽ സമയ ബന്ധിതമായി നടപടി പൂർത്തീകരിക്കേണ്ടതുണ്ട്. വനം വകുപ്പിന്റെ പ്രതികൂല നിലപാട് മലപ്പുറം, കണ്ണൂർ, വയനാട് ജില്ലകളിൽ ഭൂമി വിതരണത്തിന് തടസ്സം സൃഷ്ടിക്കുന്നത് പരിഹരിക്കേണ്ടതുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| Sl. No. | District | Area of land sanctioned by Central Government for distribution (In Acre) | Land distributed (in acres) | Balance to be distributed (acre) | Land not eligible for distribution | Action taken for distribution of balance land |
|---|---|---|---|---|---|---|
| 1 | Palakkad | 10772.42 | 700 | 10072.42 | വാസയോഗ്യമല്ലാത്ത നിക്ഷിപ്ത വനഭൂമിയുടെ വിവരം 2 മാസത്തിനകം റിപ്പോർട്ട് ചെയ്യാമെന്ന് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. | 222 ഗുണഭോക്താക്കൾക്ക് 169.03 ഏക്കർ ഭൂമിയുടെ പട്ടയം വിതരണം ചെയ്യുന്ന തിന് തയ്യാറായിട്ടുണ്ട്. കൂടാതെ അട്ടപ്പാടി യിൽ ബാക്കിയുള്ള ഭൂരഹിതരിൽ 219 പേർക്ക് ഭൂമി പതിച്ച് നൽകുന്നതിനുള്ള നടപടി ക്രമം അന്തിമ ഘട്ടത്തിലാണ്. 2019 ജനുവരിയിൽ നടക്കുന്ന പട്ടയമേളയിൽ വച്ച് പട്ടയം വിതരണം നടത്തുന്നതാണ് |
| 2 | Malappuram | 502.95 | 74.73 | 428.22 | 428.22 | വിതരണത്തിന് അവശേഷിക്കുന്ന ഭൂമിയിൽ മുളങ്കാടും തേക്കും മറ്റ് പ്ലാന്റേഷനുകളും ഉള്ളതിനാൽ വിതരണ ത്തിന് വിട്ടു |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | നൽകാൻ കഴിയില്ലായെന്ന് നിലമ്പൂർ നോർത്ത് ഡി.എഫ്.ഒ. ജില്ലാ കളക്ടറെ അറിയിച്ചതിനാൽ ഭൂമി വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ല.<br>പ്രളയത്തിൽ ഭൂമി നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുവാനായി 25 ഏക്കർ നിക്ഷിപ്ത വനഭൂമി വനം വകുപ്പ് റവന്യൂ വകുപ്പിന് നവംബർ മാസത്തിൽ കൈമാറിയിട്ടുണ്ട്. ആയത് ഭൂരഹിതർക്ക് വിതരണം ചെയ്യുന്ന തിനുള്ള നടപടി നടന്ന് വരുന്നു. കേന്ദ്രാനുമതി ലഭിച്ച മുഴുവൻ ഭൂമിയും വിതരണത്തിന് വിട്ട് നൽകുവാൻ വനം വകുപ്പ് ബാദ്ധ്യസ്ഥരാണ്. |
| 3 | Wayanad | 7429.95 | 2688 | 4741.95 | 500.00 | 500 ഏക്കർ ഭൂമി വിതരണത്തിന് അനു യോജ്യമല്ലായെന്ന് ജില്ല കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br>വിതരണത്തിന് അവശേഷിക്കുന്നതായിട്ടുള്ള 4741.95 ഏക്കർ ഭൂമിയിൽ 1656 ഏക്കർ ഭൂമി വനാവകാശ നിയമ പ്രകാരം ആദിവാസികൾക്ക് വിതരണം ചെയ്തിട്ടുള്ളതായും 587 ഏക്കർ ഭൂമി കൈയ്യേറ്റമുള്ളതായും വയനാട് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വനാവകാശ നിയമപ്രകാരം അനുവദിച്ചു വെന്ന് റിപ്പോർട്ട് ചെയ്തത് പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർക്ക് വിശദമായ പരിശോധനയ്ക്കായി നൽകിയിട്ടുണ്ട്. പരിശോധന |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | റിപ്പോർട്ട് ലഭിച്ചാൽ മാത്രമേ ആയത് ഉറപ്പ് വരുത്തുവാൻ കഴിയുകയുള്ളൂ. 500 ഏക്കർ വിതരണയോഗ്യമല്ലാത്ത ഭൂമിയ്ക്ക് പകരം ഭൂമി നൽകാൻ വനം വകുപ്പിന് നിർദ്ദേശം നൽകേണ്ടതുണ്ട്. ഈ വിഷയത്തിൽ വയനാട് ജില്ല സംബന്ധിച്ച ഒരു യോഗം ബഹു. പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രി, റവന്യൂ വകുപ്പ് മന്ത്രി എന്നിവരുടെ നേതൃത്വത്തിൽ 23.01.2019 ന് ചർച്ച ചെയ്യുകയുണ്ടായി |
| 4 | Kannur | 205.01 | --- | 205.01 | 205.01 | 205.1 ഏക്കർ ഭൂമി കാട്ടാനകളുടെ വിഹാര കേന്ദ്രമാണെന്നതിനാലും ഈ മേഖല വളരെ ചെങ്കുത്തായതും മുളങ്കാടുകൾ നിൽക്കുന്ന തിനാലും പതിച്ചു നൽകാൻ അനുയോജ്യ മല്ലായെന്ന വനം വകുപ്പ് നിലപാട് കണ്ണൂർ ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 5 | Kasargod | 91.89 | 75 | 16.89 | 16.89 | അവശേഷിക്കുന്ന ഭൂമി പാറക്കെട്ടുകളും മുളങ്കാടുകളും നിറഞ്ഞതായതിനാൽ വിതരണത്തിന് അനുയോജ്യമല്ലായെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| | **Total** | **19002.22** | **3537.73** | **15464.49** | **1150.12** | |

കേന്ദ്രസർക്കാർ വിതരണത്തിന് അനുമതി നൽകിയ അളവിലുള്ള വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമി വനം വകുപ്പ് റവന്യൂ വകുപ്പിന് കൈമാറുന്നതിനുള്ള തീരുമാനം സമയബന്ധിതമായി എടുക്കേണ്ടതുണ്ട്. എല്ലാ ഭൂരഹിതർക്കും ഭൂമി നൽകണമെങ്കിൽ നിക്ഷിപ്തവനഭൂമി കൂടി വിതരണം ചെയ്താൽ മാത്രമേ കഴിയുകയുള്ളൂ.